**16**

സ്തോത്രം സ്തോത്രം സ്തോത്രഗീതങ്ങളാൽ
കർത്തനെ സ്തുതിച്ചിടും ഞാൻ

1 പാപത്തിൻ കുഴിയിൽ ശാപത്തിൻ വഴിയിൽ
പാരം വലഞ്ഞയെന്നെ തേടിവന്നു
ജീവൻ തന്നു നേടിയെടുത്തിടയൻ

2 ലംഘനം ക്ഷമിച്ചും പാപങ്ങൾ മറച്ചും
ലഭിച്ചെനിക്കായതിനാൽ ഭാഗ്യവാനായി പാർത്തിടുന്നു
ഭാവി പ്രത്യാശയോടെ -

3 നന്മകൾ നൽകി നൽവഴീലെന്നെ നന്നായ് നടത്തുന്നവൻ
നന്ദിയോടെൻ നാൾകളെല്ലാം നാഥനായ് ജീവിക്കും ഞാൻ -

4 വല്ലഭനേശുവിൻ വന്ദിതനാമം വർണ്യമല്ലെൻ നാവിനാൽ
കീർത്തിക്കും ഞാൻ സ്തോത്രം ചെയ്യും
കീർത്തനം പാടിടും ഞാൻ **C.J.**